**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48** **09-08-2023 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് അനുവദനീയമായ വായ്പാ പരിധി വെട്ടിക്കുറക്കുകയും ഗ്രാന്റുകൾ നിഷേധിക്കുകയും ചെയ്യുന്ന കേന്ദ്ര നടപടികൾ കാരണം സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ടോ; | (എ) | കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രസർക്കാർ കുറച്ചു വരികയാണ്. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന |

| | | | |
|---|---|---|---|
| | | | നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടണമെന്നും, ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങളും സുപ്രധാന കേന്ദ്ര- സംസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ 19-01-2023 ലെ 133/CM/2023 നമ്പർ കത്ത് പ്രകാരം ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിട്ടുമുണ്ട് |
| (ബി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തികൊണ്ട് തനത് വരുമാനം വർധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ നവീകരണത്തിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിക്കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ തന്നെ വിവിധ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെ തുടർന്നാണ് 2023-24 വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി മോട്ടോർ വാഹനം, രജിസ്ട്രേഷൻ, എക്സൈസ് തുടങ്ങിയ വകുപ്പുകൾക്ക് കീഴിൽ ഈടാക്കുന്ന നികുതി ഇനങ്ങളുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിലൂടെ നടപടികൾ തുടങ്ങിയിട്ടുള്ളത്. ജി.എസ്.ടി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിലവിലെ നിയമങ്ങൾക്കനുസൃതമായി സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടന 01/01/2023 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സമ്പൂർണ്ണ ജി.എസ്.ടി പുന:സംഘടനയിലൂടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി നികുതി- ആഡിറ്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി നികുതി വെട്ടിപ്പ് തടയുന്നതിന് രൂപീകരിച്ചിട്ടുള്ള ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ? | (സി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി സംസ്ഥാന ജി.എസ്സ്.ടി വകുപ്പ് പുനസംഘടിപ്പിച്ച് മുമ്പുണ്ടായിരുന്ന ഇന്റലിജൻസ്, ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് എന്നീ |

| | | | | |
|---|---|---|---|---|
| | | | | വിഭാഗങ്ങളെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം എന്ന് പുനർ നാമകരണം നടത്തി വിപുലീകരിക്കുകയുണ്ടായി. അതിന്റെ ഫലമായി നിലവിൽ സംസ്ഥാനത്ത് 41ഇൻറലിജൻസ് യൂണിറ്റുകളും 47എൻഫോഴ്സ്മെന്റ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ജില്ലാതലത്തിൽ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്), ഡെപ്യൂട്ടി കമ്മീഷണർ (എൻഫോഴ്സ്മെന്റ് ) എന്നിവരുടെ മേൽനോട്ടത്തിലും സംസ്ഥാനത്താകമാനം മൂന്ന് സോണുകളിലായി ജോയിൻറ് കമ്മിഷണർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്) മാരുടെ നിയന്ത്രണത്തലുമായി ഈ വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br><br>ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ 2023-24 സാമ്പത്തികവർഷത്തിൽ 31.07.2023 വരെ ഇന്റലിജൻസ് വിഭാഗം അന്വേഷണം പൂർത്തിയാക്കിയ 71കേസുകളിൽ നിന്ന് 1064.16 കോടി രൂപയുടെ വരുമാനം ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലഘട്ടത്തിലെ വരുമാനത്തേക്കാൾ 1023.25 കോടി രൂപ കൂടുതലാണ്. കഴിഞ്ഞ വർഷം ഈ കാലയളവിൽ അന്വേഷണം പൂർത്തിയാക്കിയ കേസുകളുടെ എണ്ണം 26മാത്രമാണ്. കൂടാതെ ഈ വർഷം 5കോടി രൂപയിലധികം നികുതിവെട്ടിപ്പ് നടത്തിയ കേസുകളിൽ 4വ്യക്തികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ